**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 39405വീട്ടുകൾ അനുവദിക്കുകയും അതിൽ 30069വീട്ടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് . വിശദാംശം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട് . |
| (ബി) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന പുനരുദ്ധാരണം, പഠനമുറി എന്നീ പദ്ധതികളിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | വകുപ്പ് നിലവിൽ ഭവനപുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നവർക്ക് ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 2020-21 വർഷം 10000 വീട്ടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ചതിൽ 9535 വീട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു .അതിൽ 1673 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഠനമുറി പദ്ധതി പ്രകാരം 2017-18മുതൽ നാളിതുവരെ 25096 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. അതിൽ17643 പഠനമുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിശദാംശം അനുബന്ധം(2) ആയി ചേർത്തിട്ടുണ്ട് . കൂടാതെ നടപ്പുവർഷം 5000 പുതിയ പഠനമുറികൾ നിർമ്മിക്കുന്നതിന് ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ പദ്ധതി പ്രകാരം മുൻഗണനാ ക്രമത്തിൽ ഘട്ടം ഘട്ടമായി ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃപട്ടികയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടവർക്കാണ് ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്ത, ഭവനനിർമ്മാണ ധനസഹായത്തിന് അർഹരായവരെ കൂടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 21749 ഭൂരഹിത ഭവനരഹിത കുടുംബങ്ങളെയും 34970 ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളെയും ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണതിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പി എം എ വൈ -യിൽ മാത്രമാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ്

**അനുബന്ധം I**

| പദ്ധതി | വർഷം /ഘട്ടം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| ഭവന നിർമ്മാണ ധനസഹായ പദ്ധതി | 2016-17 | 14906 | 12431 |
| | 2017-18 | 8895 | 7620 |
| പ്രളയത്തിൽ തകർന്നുപോയ വീടുകളുടെ പുനർ നിർമ്മാണം | 2018-19 | 170 | 126 |
| ലൈഫ് മിഷൻ PHASE-II | 2018-19 | 11992 | 8828 |
| ലൈഫ് മിഷൻ PHASE-III | 2020-21 | 3442 | 1064 |
| **ആകെ** | | **39405** | **30069** |

സെക്ഷൻ ഓഫീസർ

## അനുബന്ധം2

| വർഷം | അനുവദിച്ച എണ്ണം | പൂർത്തീകരിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 6623 | 6163 | 56,53.11,250/- |
| 2018-19 | 4980 | 4396 | 120,50,10,000/- |
| 2019-20 | 4993 | 3859 | 87,50,10,000/- |
| 2020-21 | 8500 | 3225 | 175,19,64,127/- |
| **ആകെ** | **25096** | **17643** | **175,19,64,127/-** |

സെക്ഷൻ ഓഫീസർ

അനുബന്ധം2

| വർഷം | അനുവദിച്ച എണ്ണം | പൂർത്തീകരിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 6623 | 6163 | 56,53.11,250/- |
| 2018-19 | 4980 | 4396 | 120,50,10,000/- |
| 2019-20 | 4993 | 3859 | 87,50,10,000/- |
| 2020-21 | 8500 | 3225 | 175,19,64,127/- |
| **ആകെ** | **25096** | **17643** | **175,19,64,127/-** |

സെക്ഷൻ ഓഫീസർ